# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.75** **30.01.2019-ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പ്രോത്സാഹനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ.കെ.എം.ഷാജി** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന് സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ കോഴ്സിന് മെറിറ്റിലും റിസർവേഷനിലും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കും സ്വകാര്യ സ്വാശ്രയ കോളേജുകൾ ഉൾപ്പെടെ, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ പൂർണമായും സർക്കാർ വഹിക്കുന്നു. കോളേജ് ഹോസ്റ്റലുകളിലെ പ്രതിമാസ ABLC 3500 രൂപയിൽ നിന്ന് 4500 രൂപയായി ഉയർത്തിയിട്ടുണ്ട്. കൂടാതെ വകുപ്പ് മുഖേന മെഡിക്കൽ, എഞ്ചിനിയറിങ് വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ്, ലാപ്ടോപ് ധനസഹായ പദ്ധതി, സ്റ്റെതസ്കോപ്പ് ധനസഹായ പദ്ധതി, പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, വിദേശ പഠനത്തിന് ധനസഹായം എന്നിവയും നടപ്പിലാക്കി വരുന്നു. ക്രസ്റ്റ് എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകി വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>1) ലാപ്ടോപ് പദ്ധതി<br>2) വിദേശ പഠനത്തിനുള്ള ധനസഹായം<br>3) നൈപുണ്യ വികസന പദ്ധതി<br>4) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥിക്കുള്ള ആനുകൂല്യം 25 ശതമാനം വർദ്ധിപ്പിച്ചു.<br>5) മെഡിക്കൽ-എഞ്ചിനീയറിംഗ് പൊതു പ്രവേശന പരീക്ഷ പരിശീലനവും നൽകി വരുന്നു.<br>6) മെഡിക്കൽ-എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചിലവിനത്തിൽ 5000 രൂപ വീതം അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | | | 7) സംസ്ഥാനത്തിന് പുറത്ത്, നാഷണൽ എൻട്രൻസ് ടെസ്റ്റ് മുഖേനയോ, അല്ലാതെയോ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന അർഹതയുള്ള വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നു. |
| (ബി) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം 5149 കുട്ടികൾ പഠനം പൂർത്തിയാക്കാത്തവരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് 2013 ൽ നടത്തിയ സോഷ്യോ എക്കണോമിക് സർവെ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ വിഭാഗത്തിൽ പണിയ സമുദായത്തിൽ നിന്നുള്ളവരാണ് കൂടുതലായി പഠനം നടത്തി പോകുന്നത്.<br>പട്ടികജാതി വിദ്യാർത്ഥികളെ സംബന്ധിച്ച് ഇത്തരമൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത വിദ്യാർത്ഥികളുടെ തുടർവിദ്യാഭ്യാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ? | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഠനനിലവാരം മെച്ചപ്പെടുത്തി തോറ്റതിനും പഠനനിലവാരം മെച്ചപ്പെടുത്തി തോറ്റ പേപ്പറുകൾ എഴുതിയെടുക്കുന്നതിനും IHRD യുടെ Model Finishing School വഴി Remedial Coaching പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നുണ്ട്.<br>എം.ബി.ബി.എസ്, ബി.വി.എസ്.സി എന്നീ പ്രൊഫഷണൽ കോഴ്സുകൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ തോറ്റ് പഠിക്കേണ്ടി വരുമ്പോൾ ഒരേ ക്ലാസിൽ മൂന്ന് പ്രാവശ്യം റിപ്പീറ്റ് ചെയ്യുന്നതിന് ലംപ്സംഗ്രാന്റ് ഒഴികെയുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. സ്വാശ്രയ മേഖലയിലെ ഇത്തരത്തിലുള്ളവർക്ക് 50 ശതമാനം നിരക്കിൽ ഫീസ് ആനുകൂല്യവും ലംപ്സംഗ്രാന്റ് ഒഴികെയുള്ള മറ്റ് ആനുകൂല്യവും അനുവദിച്ച് നൽകുന്നു. |

**സെക്ഷൻ ഓഫീസർ**